(സി) എന്തൊക്കെയിനം ഭക്ഷ്യസാധനങ്ങൾ റേഷൻ കടകൾവഴി വിതരണം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഇത്തരം ഭക്ഷ്യസാധനങ്ങളുടെ മാർക്കറ്റ് വിലയുടെ എത്ര ശതമാനമാണ് സബ്സിഡിയായി നൽകാൻ ഉദ്ദേശിക്കുന്നത് ;

(ഇ) ഈ സബ്സിഡി തുകയുടെ എത്ര ശതമാനം കേന്ദ്ര സഹായമായി ലഭ്യമാക്കുമെന്നാണ് കരുതുന്നത് ;

(എഫ്) ഇതിനുള്ള സംസ്ഥാന വിഹിതമായി ഈ വർഷം എത്ര കോടി രൂപ നൽകുവാനാണ് ലക്ഷ്യമിടുന്നത് ;

(ജി) ഈ തുക ബഡ്ജറ്റ് വിഹിതമായി ലഭ്യമല്ലെങ്കിൽ എങ്ങനെ സ്വരൂപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) സംസ്ഥാനത്തെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് റേഷൻകടകൾ വഴി ഭക്ഷ്യധാന്യങ്ങൾ വളരെ വിലക്കുറവിൽ ജനങ്ങൾക്ക് ലഭിക്കാനായി ഒരു പദ്ധതി ആവിഷ്കരിച്ച് അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇതിനായി 354 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) മുളക്, മല്ലി, ചെറുപയർ, വൻപയർ, കടല, ഉഴുന്ന്, തുവരപ്പരിപ്പ്, വടപ്പരിപ്പ്, ജീരകം, കടുക്, ഉലുവ തുടങ്ങിയ ഭക്ഷ്യ സാധനങ്ങളാണ് റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.

(ഡി) മാർക്കറ്റ് വിലയുടെ 10%-മാണ് സബ്സിഡി ഇനത്തിൽ നൽകാനുദ്ദേശിക്കുന്നത്.

(ഇ) ഈ പദ്ധതി ചെലവിന്റെ 25% കേന്ദ്രം വഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(എഫ് & ജി) കേന്ദ്ര ഗവൺമെന്റിൽനിന്നും ഈ പദ്ധതിയ്ക്ക് അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതാണ്. സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

മിതകാല സാമ്പത്തിക പദ്ധതി

19 (*619) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിതകാല സാമ്പത്തിക പദ്ധതി എന്താണ് ; ഇത് എന്ന് നിലവിൽ വന്നു ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദ്യേശ്യ ലക്ഷ്യങ്ങൾ ഉൾക്കൊണ്ടു കൊണ്ട് സർക്കാർ നടപ്പിലാക്കി വരുന്ന നിയന്ത്രണങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ ;

(സി) മിതകാല സാമ്പത്തിക പദ്ധതിയുടെ ലക്ഷ്യം സാക്ഷാത്കരിക്കാൻ നടപ്പുസാമ്പത്തിക വർഷം കഴിയുമോയെന്ന് വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) സംസ്ഥാനത്തിന്റെ റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് പ്രാബല്യത്തിൽ വരുന്ന സാമ്പത്തിക വർഷം മുതലുള്ള അഞ്ചു വർഷ കാലയളവിലേക്ക് സർക്കാർ രൂപം നൽകിയ പദ്ധതിയെയാണ് മിതകാല സാമ്പത്തിക പദ്ധതി (ധനസംബന്ധമായ മിതകാല പദ്ധതി) യെന്ന് പറയുന്നത്. ഇത് 1-3-2005-ൽ നിലവിൽ വന്നു.

ധനസംബന്ധമായ മിതകാല നയ സ്റ്റേറ്റുമെന്റിൽ സംസ്ഥാനത്തിന്റെ താഴെ പറയുന്ന ധനസംബന്ധമായ സൂചകങ്ങളുടെ 3 വർഷത്തേക്കുള്ള പരിവർത്തന ലക്ഷ്യങ്ങൾ ഉൾക്കൊള്ളിക്കണമെന്നും ടി ചട്ടങ്ങൾ അനുശാസിക്കുന്നു.

(എ)	റവന്യൂ കമ്മി	-	സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ ശതമാനക്കണക്കിൽ
(ബി)	ധനകമ്മി	-	സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ ശതമാനക്കണക്കിൽ
(സി)	ആകെ ഇരുപ്പുകടം	-	സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ ശതമാനക്കണക്കിൽ

കൂടാതെ ധനസംബന്ധമായ ടി സൂചകങ്ങൾക്കാധാരമായ ധാരണകളുടെ വകുപ്പു തിരിച്ചുള്ള മൂന്നു വർഷത്തെ പരിവർത്തന ലക്ഷ്യങ്ങൾ പ്രതിപാദിക്കുകയും റവന്യൂ വരവും റവന്യൂ ചെലവും തമ്മിലുള്ള സന്തുലനം, ഉത്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കുന്നതിന് പൊതു വിപണിയിൽ നിന്നുള്ള കടം വാങ്ങലുകൾ ഉൾപ്പെടെയുള്ള മൂലധന വരവിന്റെ ഉപയോഗം എന്നിവയെ വിലയിരുത്തുകയും വേണം. ഇപ്രകാരം തയ്യാറാക്കുന്ന ഒരു രേഖ സർക്കാർ ഓരോ സാമ്പത്തിക വർഷവും വാർഷിക ബഡ്ജറ്റിനോടൊപ്പം നിയമസഭ മുമ്പാകെ വയ്ക്കണമെന്നും ടി ആക്ടും ചട്ടങ്ങളും നിഷ്കർഷിക്കുന്നു. അതിൻ പ്രകാരം എല്ലാ വർഷവും വാർഷിക ബഡ്ജറ്റിനോടൊപ്പം Medium Term Fiscal Policy & Strategy Statement with Medium Term Fiscal Plan എന്ന രേഖയും നിയമസഭ മുമ്പാകെ സമർപ്പിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടി പദ്ധതിയുടെ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായി പ്രത്യേക സാമ്പത്തിക നിയന്ത്രണങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. മറിച്ച് വിവിധ നടപടികളിലൂടെ നികുതി പിരിവ് ഊർജ്ജിതമാക്കി റവന്യൂ വരുമാനം വർദ്ധിപ്പിച്ചുകൊണ്ടാണ് ഈ ലക്ഷ്യങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്നത്.

(സി) ധനസംബന്ധമായ മിതകാല നയ സ്റ്റേറ്റുമെന്റിലെ ലക്ഷ്യങ്ങൾ കാര്യക്ഷമമായ നികുതി പിരിവിലൂടെയും ഗുണപരമായ ചെലവ് ചെയ്യലിലൂടെയും സാക്ഷാത്കരിക്കാൻ ശ്രമിക്കുന്നുണ്ട്.

ആദിവാസികൾക്ക് വനവിഭവങ്ങൾ വിപണനം നടത്തുന്നതിനും ന്യായവില ലഭ്യമാക്കുന്നതിനും സംവിധാനം

20 (*620) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾ വനത്തിൽ നിന്നും ശേഖരിക്കുന്ന വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിനും അവ ശേഖരിക്കുന്ന ആദിവാസികൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും വനം വകുപ്പ് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) വനവിഭവ ശേഖരണത്തിലേർപ്പെടുന്ന ആദിവാസികളെ വേട്ടക്കാരും കഞ്ചാവ് കൃഷിക്കാരും ഭീഷണിപ്പെടുത്തുകയും പീഡിപ്പിക്കുകയും ചെയ്യുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവർക്ക് സംരക്ഷണം നൽകാൻ വനംവകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയിലെ അംഗങ്ങൾക്ക് വനവിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണനം, സംഭരണം, സംസ്കരണം, മൂല്യവർദ്ധന എന്നിവയിൽ പരിശീലനം നൽകുന്നുണ്ട്. സംഭരണം മൂല്യവർദ്ധന എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, ഇപ്രകാരം തയ്യാറാക്കുന്ന ഗുണമേന്മയുള്ള വിഭവങ്ങൾക്ക് വനശ്രീ എന്ന ബ്രാൻഡു നൽകി വിറ്റഴിക്കുന്നതിന് ഇക്കോഷോപ്പുകൾ സ്ഥാപിക്കുകയും ചെയ്തു. ഓണം മേളകൾ, പ്രദർശനങ്ങൾ എന്നിവയോടനുബന്ധിച്ച് വനശ്രീ സ്റ്റാളുകൾ തുറന്ന് വനവിഭവങ്ങൾ വിപണനം നടത്തുന്നുണ്ട്.

(ബി) ഇത്തരത്തിലുള്ള ചില പരാതികൾ ഉണ്ട്. ആദിവാസികൾക്ക് സംരക്ഷണം നൽകുന്നതിനു കൂടിയാണ് വന സംരക്ഷണ സമിതികളും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും രൂപീകരിച്ചത്. കഞ്ചാവു കൃഷി, വന്യമൃഗവേട്ട തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാൻ വനം വകുപ്പ് ശക്തമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly